8234

നം. എച്ച്1/88371/15/ഡി.പി.ഐ.

പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ
കാര്യാലയം, തിരുവനന്തപുരം.
തീയതി: 25/07/17.

പൊതുവിദ്യാഭ്യാസ ഡയറക്ടർ.
തിരുവനന്തപുരം

എല്ലാ വിദ്യാഭ്യാസ ഉപഡയറക്ടർമാർക്കും.
എല്ലാ ജില്ലാ/ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും.
എല്ലാ പ്രധാനാദ്ധ്യാപകർക്കും (എ.ഇ.ഒ/ഡി.ഇ.ഒ. മുഖാന്തിരം)

സർ,

വിഷയം:- പൊതു വിദ്യാഭ്യാസം - വിദ്യാഭ്യാസ അവകാശ നിയമം-2009 - അധ്യയന മണിക്കൂറുകൾ നഷ്ടപ്പെടാതെ മീറ്റിങ്ങുകൾ/സെമിനാറുകൾ നടത്തുന്നത് - സംബന്ധിച്ച്.

സൂചന:-
1. ബഹു: പൊതു വിദ്യാഭ്യാസ സെക്രട്ടറിയുടെ 06/07/17 ലെ 101/സെക്ര/2017/പൊ.വി.വ. എന്ന കുറിപ്പ്.
2. ഈ കാര്യാലയത്തിൽ നിന്നും ഈ അക്കാദമിക വർഷാരംഭത്തിൽ വിദ്യാഭ്യാസ ഉപഡയറക്ടർമാർ മുഖേന കൈമാറിയ സന്ദേശം.
3. സ.ഉ. (എം.എസ്) നം.55/2016/പൊ.വി.വ., തീയതി 02/03/2016
4. ഈ കാര്യാലയത്തിൽ നിന്നും 14/12/15 ൽ പുറപ്പെടുവിച്ച എച്ച്1/88371(1)/2015/ഡി.പി.ഐ. എന്ന സർക്കുലർ.

2009 ലെ സൗജന്യവും നിർബന്ധിതവുമായ വിദ്യാഭ്യാസത്തിനുള്ള കുട്ടികളുടെ അവകാശ നിയമം സെക്ഷൻ 27 ൽ പ്രവൃത്തി ദിനങ്ങളിൽ അധ്യാപകരുടെ സേവനം സ്കൂളിൽ ഉറപ്പുവരുത്തണമെന്ന് നിഷ്കർഷിക്കുന്നു. ആയതിന്റെ വെളിച്ചത്തിൽ അധ്യയനത്തെയും സ്കൂളിന്റെ ദൈനംദിന പ്രവർത്തനങ്ങളെയും ബാധിക്കുന്ന തരത്തിൽ പ്രധാനാദ്ധ്യാപകരും/അദ്ധ്യാപകരും സ്കൂളിൽ നിന്ന് വിട്ടു നിൽക്കരുതെന്ന് സൂചന (3) സർക്കാർ ഉത്തരവിലൂടെ നിർദ്ദേശം നൽകിയിരുന്നു. ആയതിന്റെ വെളിച്ചത്തിൽ സൂചന (2), (4) എന്നിവ പ്രകാരം ഈ കാര്യാലയത്തിൽ നിന്ന് എല്ലാവർക്കും നിർദ്ദേശം നൽകിയിരുന്നതാണ്. എന്നാൽ പ്രസ്തുത നിർദ്ദേശത്തിനെതിരായി ബഹുമാനപ്പെട്ട സർക്കാരിന്റേയോ ഈ കാര്യാലയത്തിന്റേയോ വിദ്യാഭ്യാസ ഉപഡയറക്ടറുടെയോ അനുമതി ഇല്ലാതെ അധ്യയന മണിക്കൂറുകൾ നഷ്ടപ്പെടുത്തുന്നതായും എസ്.പി.സി. പോലുള്ള പ്രവർത്തനങ്ങൾക്കായി കുട്ടികളെ ക്ലാസ് നഷ്ടപ്പെടുത്തുവാൻ ഇടവരുത്തുന്നതായും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.